©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7
Vol. VII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2018 ഒക്ടോബർ 9
9th October 2018
1194 കന്നി 23
23rd Kanni 1194
1940 ആശ്വിനം 17
17th Aswina 1940

നമ്പർ 40
No. 40

# PART III
# Police Department

ലേലപ്പരസ്യം

നമ്പർ ഇ1(എ)-44707/2018/റ്റി. 2018 സെപ്റ്റംബർ 22.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിൽക്കുന്ന ഒരു തെങ്ങും ഒരു ആഞ്ഞിലിയും 17-10-2018-ാം തീയതി പരസ്യമായി ലേലം ചെയ്തു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലദിവസം കൃത്യസമയത്ത് നേരിട്ട് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 16-10-2018-ാം തീയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം നൽകാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി തിരുവനന്തപുരം റൂറലിന്റെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനുശേഷം പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്നപക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

അടങ്കൽ തുക—` 1,836

നിരതദ്രവ്യം—` 200

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലം/ദർഘാസ് തുകയുടെ പകുതി (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേലസ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേലത്തുകയുടെ 5% വനവികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% ജി.എസ്.റ്റി.യും ലേലം ഉറപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻതന്നെ അടയ്ക്കേണ്ടതുമാണ്. വനവികസന നികുതി "406-01-101-96-00-00-FDT " എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെല്ലാൻ വഴി ഒടുക്കേണ്ടതും മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ച് മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽനിന്നും ഈടാക്കുന്നതിനും മുൻ തുകയേക്കാൾ കൂടുതൽ തുക കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചു നൽകുന്നതാണ്. മേൽപറഞ്ഞ മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ എ. സി. എ. ആർ-ന്റെ അനുവാദത്തോടെ രാവിലെ 10-നും 5-നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office,
Thiruvananthapuram Rural. P. ASOK KUMAR IPS,
sptvmrl.pol@kerala.gov.in *District Police Chief.*

ലേലപ്പരസ്യം

നമ്പർ ഇ2-4756/2014/ക്യു. സി. 2018 സെപ്റ്റംബർ 25.

കൊല്ലം ജില്ലാ സായുധ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെ സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ 2018 ഒക്ടോബർ 27-നു പകൽ 11 മണിക്ക് മേൽപ്പടി കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | വർഷം | നിരതദ്രവ്യം |
|---|---|---|---|
| 1 | KL 01 AQ 8167 Invader | 2007 | 5,000 |
| 2 | KL 01 M 4259 M & M Jeep | 1998 | 5,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ "ഡിപ്പാർട്ട്മെന്റ്" വാഹനങ്ങൾ എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ നിരതദ്രവ്യതുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം എടുത്തയാൾ ഉടൻ തന്നെ ലേലത്തുകയുടെ പകുതിസംഖ്യയും (നികുതിയുൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനുള്ളിൽ ബാക്കി ലേലത്തുക മുഴുവൻ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻലേലക്കാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാക്കുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കൊല്ലം ജില്ലാ സായുധസേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office,
Kollam. DR. ARUL R B KRISHNA IPS
cpklm.pol@kerala.gov.in *District Police Chief.*